"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ് - കൊല്ലം ജില്ലയിലെ ക്രിസ്തുരാജ് ഹയർസെക്കന്ററി സ്കൂളിലെ (റിട്ട) എച്ച്.എസ്.ടി(എൻ.എസ്.) ശ്രീമതി.ഷേർളിക്കുട്ടി ആന്റണി ബഹു. കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C)No.3022/24 ന്റെ 25.01.2024 ലെ വിധിന്യായത്തിലെ നിർദ്ദേശം നടപ്പിൽ വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.4095/2024/GEDN തീയതി,തിരുവനന്തപുരം, 28-06-2024

---

പരാമർശം:-

1. ശ്രീമതി.ഷേർളിക്കുട്ടി ആന്റണിയുടെ 07.01.2024 ലെ റിവിഷൻ ഹർജി (എക്സിബിറ്റ് പി6)
2. ശ്രീമതി.ഷേർളിക്കുട്ടി ആന്റണി ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C)No.3022/24 ന്റെ 25.01.2024 ലെ വിധിന്യായം
3. കൊല്ലം ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ DEOKLM/572/2024-B3 നമ്പർ കത്ത്
4. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 12.04.2024 ലെ ഇ.റ്റി1/7451/2024/ഡി.ജി.ഇ. നമ്പർ കത്ത്

**ഉത്തരവ്**

കൊല്ലം ജില്ലയിലെ ക്രിസ്തുരാജ് ഹയർസെക്കന്ററി സ്കൂളിലെ (റിട്ട) എച്ച്.എസ്.ടി( എൻ . എസ്.) ശ്രീമതി.ഷേർളിക്കുട്ടി ആന്റണി ബഹു. കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C)No.3022/24 ന്റെ 25.01.2024 ലെ വിധിന്യായത്തിൽ ഹർജിക്കാരിയെയും മറ്റ് ബന്ധപ്പെട്ട കക്ഷികളെയും നേരിൽ കേട്ട് ഹർജിക്കാരി സമർപ്പിച്ച Ext.P6 ഹർജി തീർപ്പാക്കുവാൻ ഒന്നാം എതിർകക്ഷിയായ പൊതുവിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിരുന്നു. ആയതിൻ പ്രകാരം ബന്ധപ്പെട്ട കക്ഷികളെ ഗൂഗിൾ മീറ്റ് മുഖാന്തിരം 29.04.2024ൽ നേരിൽ കേട്ടു.

2) ഹർജിക്കാരിയുടെ വാദങ്ങൾ ചുവടെ ചേർക്കുന്നു:-

"ഹർജിക്കാരിയായ ശ്രീമതി.ഷേർളിക്കുട്ടി ആന്റണിയെ കൊല്ലം കാത്തോലിക്സ് കോർപ്പറേറ്റ് മാനേജർ തിരുമുല്ലാവാരം സെന്റ് ജോൺസ് യു.പി.സ്കൂളിൽ 20.02.2006 മുതൽ 29.03.2006 വരെയുള്ള ഹ്രസ്വകാല അവധി

ഒഴിവിൽ ദിവസവേതനാടിസ്ഥാനത്തിൽ നിയമിച്ചു. പ്രസ്തുത നിയമനം 20.02.2006 മുതൽ 29.03.2006 വരെ ദിവസവേതനാടിസ്ഥാനത്തിൽ അംഗീകരിച്ചിട്ടുള്ളതാണ്. തുടർന്ന് ഹർജിക്കാരിയെ 25.10.2006 മുതൽ 08.03.2007 വരെയും ഇതേ മാനേജ്മെന്റിൽപ്പെട്ട കൊട്ടിയം സി.എഫ്.ഹൈസ്കൂളിൽ യു.പി.എസ്.എ തസ്തികയിലെ ഹ്രസ്വകാലയളവിലെ ഒഴിവിൽ നിയമിച്ചു. പ്രസ്തുത നിയമനവും ഒരു അക്കാദമിക വർഷത്തിന് താഴെയുള്ള സേവനകാലയളവായതിനാൽ ദിവസവേതനാടിസ്ഥാനത്തിലാണ് അംഗീകരിച്ചിട്ടുള്ളത്. തുടർന്ന് ഹർജിക്കാരിയെ 02.07.2007 മുതൽ 01.07.2008 വരെ ഒരു അക്കാദമിക വർഷത്തിന് അധികമുള്ള കാലയളവിൽ നിയമിച്ചു. പ്രസ്തുത നിയമനം ശമ്പള സ്കെയിലിന്റെ അടിസ്ഥാനത്തിൽ അംഗീകരിച്ചിട്ടുള്ളതാണ്. ആയതിനാൽ 02.07.2007 മുതൽ 01.07.2008 വരെയുള്ള ഒരു അക്കാദമിക വർഷത്തിൽ അധിക കാലയളവിലെ നിയമനം അംഗീകരിച്ചിട്ടുള്ള സാഹചര്യത്തിൽ ഹർജിക്കാരി ചട്ടം 51എ അവകാശിയായി തീർന്നിട്ടുള്ളതുമാണ്. അനന്തരം ഹർജിക്കാരിയെ മാനേജർ ഇതേ മാനേജ്മെന്റിൽപ്പെട്ട കൊല്ലം സെന്റ് അലോഷ്യസ് ഹയർസെക്കന്ററി സ്കൂളിൽ 12.07.2008 മുതൽ 30.06.2009 വരെയുള്ള കാലയളവിൽ നിയമിച്ചു. പ്രസ്തുത നിയമനവും ശമ്പളസ്കെയിലിൽ അംഗീകരിച്ചിട്ടുള്ളതാണ്.

അപ്രകാരം 2006 മുതൽ യു.പി.എസ്.എ തസ്തികയിൽ നിയമിക്കപ്പെടുകയും ചട്ടം 51എ അവകാശം സിദ്ധിക്കുകയും ചെയ്തിട്ടുള്ള ഹർജിക്കാരിയെ മാനേജർ 01.06.2010 മുതൽ ഇതേ മാനേജ്മെന്റിൽപ്പെട്ട കൊട്ടിയം എൻ.എസ്.എം.ഗേൾസ് ഹൈസ്കൂളിൽ എച്ച്.എസ്.എ (എൻ.എസ്) തസ്തികയിൽ സ്ഥാനക്കയറ്റം നൽകി നിയമിച്ചു. എന്നാൽ പ്രസ്തുത നിയമനം 01.06.2011 മുതൽ പാക്കേജിൽപ്പെടുത്തിയാണ് അംഗീകരിച്ചിട്ടുള്ളത്. ആയതിനാൽ ഹർജിക്കാരിയുടെ 01.06.2010 മുതൽ 31.05.2011 വരെയുള്ള എച്ച്.എസ്.എ (എൻ.എസ്) തസ്തികയിലെ ചട്ടം 43 പ്രകാരമുള്ള സ്ഥാനക്കയറ്റ നിയമനമാണ് അംഗീകരിക്കപ്പെടാനുള്ളത്. ഈ വിഷയത്തിൽ താഴെപ്പറയുന്ന വസ്തുതകൾ ശ്രദ്ധേയമാണ്.

ഹർജിക്കാരിയെ എച്ച്.എസ്.എ(എൻ.എസ്) അധിക തസ്തികയിൽ ചട്ടം 43 അവകാശി എന്ന നിലയിലാണ് 01.06.2010 മുതൽ ഇതേ മാനേജ്മെന്റിൽപ്പെട്ട കൊട്ടിയം എൻ.എസ്.എം.ജി.എച്ച്.എസ്. ൽ നിയമിച്ചത്. 2006-2007 മുതലുള്ള നിയമന നിരോധനം 12.01.2010ലെ ജി.ഒ.(പി)10/2010/പൊ.വി.വ പ്രകാരം പിൻവലിച്ച സാഹചര്യത്തിൽ 01.06.2010-ൽ ഹർജിക്കാരിയെ സ്ഥാനക്കയറ്റത്തിലൂടെ ചട്ടം 4 3 അവകാശി എന്ന നിലയിൽ നിയമിക്കുമ്പോൾ നിയമന നിരോധനം പ്രസ്തുത തസ്തികയ്ക്ക് ബാധകമായിരുന്നില്ല. എന്നാൽ ഇതേ മാനേജ്മെന്റിൽ നിയമന നിരോധന കാലയളവിൽ നിയമിക്കപ്പെട്ടവർക്ക് അംഗീകാരം നൽകുന്ന വിഷയത്തിൽ 01.06.2010ന് ശേഷം ഉണ്ടാകുന്ന ഒഴിവുകളിൽ സംരക്ഷിതാദ്ധ്യാപകരെ നിയമിക്കുന്നതിനുള്ള ബോണ്ട് സമർപ്പിക്കുന്നതിന് സർക്കാർ ഉത്തരവായ സാഹചര്യത്തിലാണ് 01.06.2010 മുതലുള്ള ഹർജിക്കാരിയുടെ എച്ച്.എസ്.എ (എൻ.എസ്) തസ്തികയിലെ

നിയമനാംഗീകാരം പരിഗണിക്കാതിരുന്നത്. 01.06.2010 മുതൽ നിയമന നിരോധനം നിലവിലില്ലാത്തതിനാൽ പ്രസ്തുത തീയതിക്ക് ശേഷമുള്ള നിയമനങ്ങൾ അംഗീകരിക്കുന്നതിന് ബോണ്ട് സമർപ്പിക്കണമെന്നുള്ള നിബന്ധന നിലനിൽക്കുന്നില്ല. ഇതേ മാനേജ്മെന്റിൽ നിയമന നിരോധന കാലയളവുകളിൽ നിയമിക്കപ്പെട്ടവർ ക്ക് 01.06.2010 മുതലുണ്ടാകുന്ന ഒഴിവുകളിൽ സംരക്ഷിതാദ്ധ്യാപകരെ നിയമിക്കാമെന്നുള്ള ബോണ്ട് സമർപ്പിക്കുന്നപക്ഷം നിയമനനിരോധന കാലയളവുകളിലെ നിയമനം അംഗീകരിക്കാമെന്നുള്ള സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് ഹർജിക്കാരിയുടെ നിയമനം അംഗീകരിക്കാതിരുന്നത്. എന്നാൽ കൊല്ലം കാത്തലിക്സ് കോർപ്പറേറ്റ് മാനേജ്മെന്റ് 01.06.2010 മുതലുണ്ടാകുന്ന ഒഴിവുകളിൽ സംരക്ഷിതാദ്ധ്യാപകരെ നിയമിക്കാമെന്നുള്ള ബോണ്ട് സമർപ്പിച്ചിരുന്നുമില്ല. എന്നാൽ തുടർന്നുണ്ടായ നിരവധി കോടതി വിധികളിൽ മാനേജർ ബോണ്ട് സമർപ്പിച്ചിട്ടില്ലാത്ത പക്ഷം ബോണ്ട് സമർപ്പിച്ചതായി പരിഗണനയിലെടുത്തും ബോണ്ടിലെ വ്യവസ്ഥ പ്രകാരം സംരക്ഷിതാദ്ധ്യാപകരെ ഭാവിയിലുണ്ടാകുന്ന ഒഴിവുകളിൽ നിയമിച്ചാൽ മതിയെന്നുമുള്ള വിധിന്യായങ്ങളുടെ അടിസ്ഥാനത്തിൽ നിയമന നിരോധന കാലയളവുകളിൽ നിയമിക്കപ്പെട്ട അസംഖ്യം അദ്ധ്യാപകരുടെ നിയമനങ്ങൾ അംഗീകരിച്ചിട്ടുള്ളതുമാണ്. മാത്രവുമല്ല 12.01.2010ലെ ജി.ഒ.(പി)10/2010/പൊ.വി.വ പ്രകാരമുള്ള ബോണ്ടിലെ വ്യവസ്ഥകൾ പാലിക്കുന്നതിനെതിരെ മാനേജർമാർ സുപ്രീംകോടതിയെ സമീപിച്ചിട്ടുള്ള കേസ്സുകളിൽപ്പോലും സുപ്രീംകോടതിയുടെ വിധിയ്ക്ക് അനുസൃതമായി മാത്രം സംരക്ഷിതാദ്ധ്യാപകരെ നിയമിച്ചാൽ മതിയെന്നും അപ്രകാരം ബോണ്ട് സമർപ്പിച്ചതായി പരിഗണനയിലെടുത്ത് അദ്ധ്യാപകരുടെ നിയമനങ്ങൾ അംഗീകരിച്ചിട്ടുള്ളതാണ്. അക്കാരണത്താൽ തന്നെ ഹർജിക്കാരിയെ അധിക എച്ച്.എസ്.എ(എൻ.എസ്) തസ്തികയിൽ നിയമിച്ച 2010-ൽ സംരക്ഷിതാദ്ധ്യാപകരെ നിയമിക്കേണ്ടതുമില്ല. ഇതിനൊക്കെ പുറമെ, ഹർജിക്കാരി ചട്ടം 51എ അവകാശിയുമാണ്. ഹർജിക്കാരി യു.പി.എസ്.എ തസ്തികയിലെ മുൻകാല സേവന കാലയളവിൽ അംഗീകാരം ലഭിച്ച അദ്ധ്യാപികയായതിനാൽ ടിയാൾ ചട്ടം 51എ/43 അവകാശിയുമാണ്.

മേൽപ്പറഞ്ഞ വസ്തുതകൾ പരിഗണനയിലെടുത്ത് ഹർജിക്കാരിയായ ശ്രീമതി.ഷേർളിക്കുട്ടി ആന്റണിയുടെ 01.06.2010 മുതൽ 31.05.2011 വരെയുള്ള എച്ച്.എസ്.എ (എൻ.എസ്) തസ്തികയിലെ സ്ഥാനക്കയറ്റ നിയമനം അംഗീകരിക്കണമെന്നും തദനുസൃതമായി കൊല്ലം ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകി കോടതിവിധി നടപ്പാക്കണമെന്നും അപേക്ഷിക്കുന്നു.”

3) പൊതുവിദ്യാഭ്യാസ ഡയറക്ടർ, വിദ്യാഭ്യാസ ഉപഡയറക്ടർ, കൊല്ലം, ജില്ലാ വിദ്യാഭ്യാസ ഓഫീസർ, കൊല്ലം എന്നിവർ സമർപ്പിച്ച സമാനമായ റിപ്പോർട്ട് ചുവടെ ചേർക്കുന്നു:-

"കൊല്ലം കാത്തലിക് സ്കൂൾസ് കോർപ്പറേറ്റ് മാനേജ്മെന്റിനു കീഴിലുള്ള കൊട്ടിയം എൻ.എസ്.എം.ഗേൾസ് ഹൈസ്കൂളിലെ 2006-2007 അധ്യയന വർഷത്തെ

എച്ച്.എസ്.റ്റി(എൻ.എസ്) അധിക തസ്തികയിൽ ശ്രീമതി.ഷേർളിക്കുട്ടി ആന്റണിയെ 01.06.2010 മുതൽ കോർപ്പറേറ്റ് മാനേജർ നിയമിച്ചു. സ.ഉ.(അ)നം.10/10/പൊ.വി.വ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിലുള്ള ബോണ്ട് കോർപ്പറേറ്റ് മാനേജർ സമർപ്പിക്കാതിരുന്നതിനാൽ ടി നിയമനം കൊല്ലം ജില്ലാ വിദ്യാഭ്യാസ ഓഫീസർ നിരസിച്ചിരുന്നു.

കൊട്ടിയം എൻ.എസ്.എം. ഗേൾസ് ഹൈസ്കൂളിലെ 2006-07 അദ്ധ്യയന വർഷത്തെ എച്ച്.എസ്.റ്റി.(എൻ.എസ്. ) അധിക തസ്തികയിൽ 01.06.2010 മുതൽ തുടർന്നുവന്ന ശ്രീമതി.ഷർളിക്കുട്ടി ആന്റണിയെ ശക്തികുളങ്ങറ സെന്റ് ജോസഫ് ഹൈസ്കൂളിലെ എച്ച്.എസ്.റ്റി (എൻ.എസ്) അദ്ധ്യാപകനായ ശ്രീ.വിൻസന്റ് ജെ യുടെ 14.06.2010 മുതൽ 13.06.2013 വരെയുള്ള ശൂന്യവേതനാവധി ഒഴിവിൽ 01.11.10 മുതൽ കോർപ്പറേറ്റ് മാനേജർ മാറ്റി നിയമിച്ചു. 03.12.10ലെ സ.ഉ.(സാധാ)നം.5444/10/പൊ.വി.വ സർക്കാർ ഉത്തരവ് പ്രകാരം ശ്രീജെ.വിൻസന്റിന് ശൂന്യവേതനാവധി അനുവദിച്ചിട്ടുണ്ട്. എന്നാൽ സ.ഉ.(അ)നം.10/10/പൊ.വി.വ നം. സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിലുള്ള ബോണ്ട് കോർപ്പറേറ്റ് മാനേജർ സമർപ്പിക്കാതിരുന്നതിനാൽ ടി നിയമനം 02.05.2011ലെ ബി3/11621/10/കെ.ഡിസ്. നം. ഉത്തരവ് പ്രകാരം നിരസിച്ചിരുന്നു. തുടർന്ന് ടിയാരിയെ കൊല്ലം വിമലഹ്യൃദയ ഗേൾസ് ഹൈസ്കൂളിലെ എച്ച്.എസ്.റ്റി.(എൻ.എസ്) അദ്ധ്യാപികയായിരുന്ന ശ്രീമതി.മേരി ഷാർലറ്റിന്റെ വിരമിക്കൽ ഒഴിവിൽ 01.06.2011 മുതൽ കോർപ്പറേറ്റ് മാനേജർ മാറ്റി നിയമിച്ചു.

സ.ഉ(അ)നം.199/11/പൊ.വി.വ തീയതി 01.10.11 നമ്പർ സർക്കാർ ഉത്തരവ് പ്രകാരം നടപ്പിൽവന്ന അദ്ധ്യാപക പാക്കേജിൽ ശ്രീമതി.ഷേർളിക്കുട്ടി ആന്റണിയുടെ പേര് സീരിയൽ നം.111 ആയി ഉൾപ്പെട്ടതിനാൽ ടിയാരിയുടെ നിയമനം 01.06.11 മുതൽ അംഗീകരിച്ചുകൊണ്ട് 08.02.2012 ലെ ബി3/13417/11/കെ.ഡിസ്. നം. പ്രകാരം ഉത്തരവായി. 02.07.07 മുതൽ 30.11.09 വരെയും 01.01.10 മുതൽ 12.03.10 വരെയും യു.പി.എസ്.റ്റി തസ്തികയിൽ അംഗീകൃത സേവനമുള്ളതിനാൽ ടിയാരി ചട്ടം 51എ അവകാശിയാണ്. ശ്രീ.ജെ.വിൻസന്റിന്റെ ശൂന്യവേതനാവധി ഒഴിവിൽ മറ്റാരുടെയെങ്കിലും ലാവണം മാനേജർ പിന്നീട് ക്രമീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമല്ല. 01.06.10 മുതൽ 31.10.10 വരെ കൊട്ടിയം എൻ.എസ്.എം. ഗേൾസ് ഹൈസ്കൂളിലെ 2006-07 അദ്ധ്യയന വർഷത്തെ അധിക എച്ച്.എസ്.റ്റി (എൻ.എസ്) തസ്തികയിൽ നിലനിൽക്കുവാൻ ടിയാരിക്ക് തസ്തിക ലഭ്യമാണ്. ശ്രീ.ജെ.വിൻസന്റിന്റെ ശൂന്യവേതനാവധി ഒഴിവിൽ മറ്റാരുടെയും ലാവണം മാനേജർ ക്രമീകരിച്ചിട്ടില്ല എന്ന സത്യപ്രസ്താവന കോർപ്പറേറ്റ് മാനേജർ സമർപ്പിക്കുന്ന മുറയ്ക്ക് 01.11.10 മുതൽ 31.05.11 വരെ ശക്തികുളങ്ങര സെന്റ് ജോസഫ് ഹൈസ്കൂളിലെ അദ്ധ്യാപകനായ ശ്രീ.വിൻസന്റ്.ജെ യുടെ ശൂന്യവേതനാവധി ഒഴിവിലെ നിയമനം പരിഗണിക്കുവാൻ കഴിയുകയുള്ളൂ. സ.ഉ.(അ)നം.10/10/പൊ.വി.വ നം ഉത്തരവിലെ വ്യവസ്ഥകൾക്ക് എതിരായി മാനേജർ സുപ്രീം കോടതിയിൽ എസ്.എൽ.പി ഫയൽ ചെയ്തിട്ടുണ്ട്.”

4 ) സർക്കാർ ഇക്കാര്യം കേരള വിദ്യാഭ്യാസ ചട്ടങ്ങൾ, സർക്കാർ ഉത്തരവുകൾ,

ഹിയറിംഗ് സമയത്തെ വാദം, ഹാജരാക്കപ്പെട്ട റിപ്പോർട്ടുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ പരിശോധിച്ചു. കൊട്ടിയം എൻ.എസ്.എം. ഗേൾസ് ഹൈസ്കൂളിലെ 2006-2007 വർഷത്തെ HST (NS) അധിക തസ്തികയിൽ 01.06.2010 മുതൽ നിയമിതയായ ശ്രീമതി.ഷേർളിക്കുട്ടി ആന്റണിയുടെ നിയമനം 01.06.2011 മുതൽ അദ്ധ്യാപക പാക്കേജിൽപ്പെടുത്തി അംഗീകരിച്ചിട്ടുണ്ട്. 01.06.2010 മുതൽ 31.05.2011 വരെയുള്ള ടി തസ്തികയിലെ നിയമനം അംഗീകരിക്കണമെന്നതാണ് ഹർജിക്കാരിയുടെ ആവശ്യം. 01.06.2010 മുതൽ കൊട്ടിയം എൻ.എസ്.എം. ഗേൾസ് ഹൈസ്കൂളിലെ അധിക തസ്തികയിൽ 01.06.2010 മുതൽ തുടർന്നുവന്ന ഹർജിക്കാരിയെ ശക്തികുളങ്ങര സെന്റ് ജോസഫ് ഹൈസ്കൂളിലെ എച്ച്.എസ്.റ്റി. (എൻ.എസ്. ) ശ്രീ.വിൻസന്റ് ജെ.യുടെ 14.06.2010 മുതൽ 13.06.2013 വരെയുള്ള ശൂന്യവേതനാവധി ഒഴിവിൽ 01.11.2010 മുതൽ കോർപ്പറേറ്റ് മാനേജർ മാറ്റി നിയമിച്ചു. എന്നാൽ ജി.ഒ.(പി)നം.10/10/പൊ.വി.വ പ്രകാരമുള്ള ബോണ്ട് മാനേജർ സമർപ്പിക്കാതിരുന്നതിനാൽ നിയമനം നിരസിച്ചിരുന്നു. 01.06.2010 മുതൽ 31.10.2010 വരെയുള്ള കാലയളവിൽ ടിയാൾക്ക് നിലനിൽക്കുവാൻ തസ്തിക ലഭ്യമാണെന്നും ശ്രീ.വിൻസന്റ് ജെ.യുടെ ശൂന്യവേതനാവധി ഒഴിവിൽ മറ്റാരുടെയും ലാവണം മാനേജർ ക്രമീകരിച്ചിട്ടില്ല എന്ന സത്യപ്രസ്താവന മാനേജർ സമർപ്പിക്കുന്ന മുറക്ക് മാത്രമേ 1.11.2010 മുതൽ 31.05.2011 വരെയുള്ള നിയമനം പരിഗണിക്കുവാൻ കഴിയുകയുള്ളൂ എന്നും കൊല്ലം ജില്ലാ വിദ്യാഭ്യാസ ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

5 ) മേൽ സാഹചര്യത്തിൽ കൊല്ലം ക്രിസ്തുരാജ് ഹയർസെക്കന്ററി സ്കൂളിൽ എച്ച്.എസ്.റ്റി (എൻ.എസ്. ) തസ്തികയിൽ നിന്നും വിരമിച്ച ശ്രീമതി.ഷേർളിക്കുട്ടി ആന്റണിയുടെ 01.06.2010 മുതൽ 31.10.2010 വരെയുള്ള കാലയളവിലെ നിയമനം അംഗീകരിക്കുവാനും, ശ്രീ.വിൻസന്റ്.ജെ യുടെ ശൂന്യവേതനാവധി ഒഴിവിൽ മറ്റാരുടെയും ലാവണം മാനേജർ ക്രമീകരിച്ചിട്ടില്ല എന്ന സത്യപ്രസ്താവന മാനേജർ സമർപ്പിക്കുന്ന മുറക്ക് 1.11.2010 മുതൽ 31.5.2011 വരെയുള്ള നിയമനം അംഗീകരിക്കുവാനും കൊല്ലം ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകി ഹർജിക്കാരി സമർപ്പിച്ച Ext.P6 റിവിഷൻ ഹർജി തീർപ്പാക്കി, അപ്രകാരം കൊല്ലം ജില്ലയിലെ ക്രിസ്തുരാജ് ഹയർസെക്കന്ററി സ്കൂളിലെ (റിട്ട) എച്ച്.എസ്.ടി(എൻ.എസ്.) ശ്രീമതി.ഷേർളിക്കുട്ടി ആന്റണി ബഹു. കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത ഫയൽ ചെയ്ത WP(C)No.3022/202 4 ന്റെ 25.01.2024 ലെ വിധിന്യായത്തിലെ നിർദ്ദേശം നടപ്പിൽ വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശ്രീജ വി
അഡിഷണൽ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരള, തിരുവനന്തപുരം(ആമുഖ കത്ത് സഹിതം)
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
വിദ്യാഭ്യാസ ഉപഡയറക്ടർ, കൊല്ലം

ജില്ലാ വിദ്യാഭ്യാസ ഓഫീസർ, കൊല്ലം
അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ് /എ&ഇ), കേരള, തിരുവനന്തപുരം
കോർപ്പറേറ്റ് മാനേജർ, കോർപ്പറേറ്റ്എഡ്യൂക്കേഷണൽ ഏജൻസി ഓഫ്
കത്തോലിക് സ്കൂൾസ്, ബിഷപ്പ് ഹൗസ്, കൊല്ലം
ശ്രീമതി.ഷേർളിക്കുട്ടി ആന്റണി, മഞ്ചു നിവാസ്, കൊടുവിള, ഈസ്റ്റ് കല്ലട, കൊല്ലം
വിവര പൊതുജനസമ്പർക്ക (വെബ്ബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Signed by
Shahnakumari S L
Date: 28-06-2024 16:33:10

സെക്ഷൻ ഓഫീസർ